# 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്റ്റ് കമ്മിറ്റി IV

# (വ്യവസായവും ധാതുക്കളും)

# (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. പി. രാജീവ്,

നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ )

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കായി അയച്ച 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ (ബിൽ നമ്പർ 277), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2025 സെപ്റ്റംബർ 20-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 സെപ്റ്റംബർ 30-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 ഒക്ടോബർ 4-ാം തീയതി വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 5

1) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി -ൽ,—

13 ജി വകുപ്പിന്റെ മാർജിനൽ ശീർഷകത്തിനും ചിഹ്നങ്ങൾക്കും ശേഷം "(1)" എന്ന ബ്രാക്കറ്റും അക്കവും ചേർക്കുക.

2) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി -യിലെ 13 എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(i) ഇനം (ബി) -യ്ക്ക് പകരം താഴെപ്പറയും പ്രകാരം ചേർക്കുക, അതായത്:—

"(ബി) വ്യവസായ നയം നടപ്പിലാക്കുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക;";

(ii) ഇനം (ജി) -യ്ക്ക് ശേഷം നൽകിയിട്ടുള്ള വിശദീകരണം ഒഴിവാക്കുകയും ആയത് ഇനം (ഐ) -യ്ക്ക് ശേഷം ചേർക്കുകയും ചെയ്യുക.

3) ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി-യിലെ 13 ജെ വകുപ്പിന്റെ ഇനം (ഡി)-ൽ "നടത്തുകയും " എന്ന വാക്കിന് പകരം "വഹിക്കുകയും" എന്ന വാക്ക് ചേർക്കുക.

4) ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം II ബി-ലെ 13 കെ വകുപ്പിൽ, "നിറവേറ്റുന്നതിന്" എന്ന വാക്കിന് പകരം "നിർവ്വഹിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2025 ഒക്ടോബർ 6.

**പി. രാജീവ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IV.*

## അനുബന്ധം I

## വിയോജനക്കുറിപ്പ്

സംസ്ഥാനത്ത് നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനും വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുമായി കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് രൂപീകരിക്കുവാനും; പ്രസ്തുത ബോർഡിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുന്നതിനും ഉള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ദീർഘകാല വീക്ഷണമോ മതിയായ തുടർച്ചയോ ഇല്ലാതെ സംസ്ഥാനത്ത് വ്യവസായ നയത്തിൽ പരിഷ്കരണങ്ങൾ വരുത്തുന്ന സമീപനം നിക്ഷേപകർക്ക് അനിശ്ചിതത്വം സൃഷ്ടിക്കുന്നു. കേരളത്തിന് താരതമ്യേന നേട്ടമുള്ള ടൂറിസം, ഐ.ടി., വിജ്ഞാന വ്യവസായങ്ങൾ, സമുദ്രോത്പന്നങ്ങൾ, ആയുർവേദം ഉൾപ്പെടെയുള്ള മേഖലകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള പ്രായോഗിക നയസമീപനങ്ങൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ഏകജാലക സംവിധാനത്തിലൂടെ വേഗത്തിലുള്ള അനുമതികൾ നൽകുമ്പോഴും അടിസ്ഥാന സൗകര്യങ്ങൾ, നൈപുണ്യ വികസനം, വിതരണ ശൃംഖല തുടങ്ങിയ കാര്യങ്ങളിൽ തുടർപിന്തുണ നൽകുവാൻ സാധിക്കുന്നില്ല.

വ്യവസായസൗഹൃദ നയ /സമീപനങ്ങളുടെ പേരിൽ സ്വീകരിക്കുന്ന പല നടപടികളും തൊഴിലാളികളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാകുന്നുമുണ്ട്. സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട തൊഴിലുടമ വിഹിതം അടയ്ക്കുന്നതിലും ക്ഷേമസെസ്സുകൾ ഒടുക്കുന്നതിലും വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കുള്ള ശിക്ഷാവ്യവസ്ഥകളിൽ ഉൾപ്പെടെ ഇളവ് അനുവദിക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാർ, വിവിധ ക്ഷേമനിധി ബോർഡുകളിലേക്കുള്ള തൊഴിലാളി വിഹിതം ഇരട്ടിയായി വർദ്ധിപ്പിച്ചപ്പോഴും ആനുപാതികമായി തൊഴിലുടമ വിഹിതം വർദ്ധിപ്പിക്കുവാൻ തയ്യാറായിട്ടില്ല.

ഏകജാലക സംവിധാനം വഴി വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക അനുമതി നൽകുമ്പോൾ പലപ്പോഴും പരിസ്ഥിതിസൗഹൃദമായ സുസ്ഥിരവികസന ലക്ഷ്യങ്ങൾ പിന്തുടരുവാൻ സാധിക്കുന്നില്ല. സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും ജൈവവൈവിധ്യത്തിന്റെ പ്രാധാന്യവും പരിഗണിച്ച് പരിസ്ഥിതി സന്തുലിതമായ

സമീപനം സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ വ്യവസായ സംരംഭങ്ങളിൽ നിന്നുള്ള മാലിന്യപ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നേരിട്ട് ബാധിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യവസായങ്ങളുമായി ബന്ധപ്പെട്ട അനുമതികൾ നൽകുന്നതിനുള്ള അധികാരങ്ങൾ പരിമിതപ്പെടുത്തുന്ന രീതിയിലാണ് സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് പോലെയുള്ള സംവിധാനങ്ങൾ രൂപീകരിക്കുന്നത്.

മേല്പറഞ്ഞ കാരണങ്ങളാൽ ബില്ലിനോട് വിയോജിക്കുന്നു.

പി. സി. വിഷ്ണുനാഥ് (ഒപ്പ്)

മഞ്ഞളാംകുഴി അലി (ഒപ്പ്)

അനുബന്ധം II

# 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചതും വശത്തു വരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്ര ചിഹ്നം ഒഴിവാക്കിയതിനെയും സൂചിപ്പിക്കുന്നു.]

## 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ദീർഘശീർഷകത്തിന്റെ ഭേദഗതി.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിന്റെ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിൽ "വേഗത്തിൽ നൽകുന്നതിനും" എന്ന വാക്കുകൾക്ക് ശേഷം "നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പീഠികയിൽ "സ്ഥാപിക്കേണ്ടത്" എന്ന വാക്കിന് പകരം "സ്ഥാപിക്കേണ്ടതും നിക്ഷേപം പ്രോത്സാഹിപ്പിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 2-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ" എന്നാൽ 2019-ലെ കേരള സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ 6 സി വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ എന്നർത്ഥമാകുന്നു;

(ഐബി) "കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ്" എന്നാൽ 13 ജി വകുപ്പു പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് എന്നർത്ഥമാകുന്നു;

(ഐസി) "കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി" എന്നാൽ 13 ഐ വകുപ്പു പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി എന്നർത്ഥമാകുന്നു;".

5. അദ്ധ്യായം II എ-യ്ക്ക് ശേഷം പുതിയ അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ അദ്ധ്യായം II എ യ്ക്ക് ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

## "അദ്ധ്യായം II ബി

## കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡും കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയും

13 ജി. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിന്റെ രൂപീകരണം.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, "കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (എ) | മുഖ്യമന്ത്രി | ചെയർപേഴ്സൺ |
| (ബി) | വ്യവസായ വകുപ്പ് മന്ത്രി | കോ-ചെയർപേഴ്സൺ |
| (സി) | ധനകാര്യ വകുപ്പ് മന്ത്രി | വൈസ് ചെയർപേഴ്സൺ |
| (ഡി) | റവന്യൂ വകുപ്പ് മന്ത്രി | വൈസ് ചെയർപേഴ്സൺ |

| | | |
|---|---|---|
| (ഇ) | തൊഴിൽ വകുപ്പ് മന്ത്രി | വൈസ് ചെയർപേഴ്സൺ |
| (എഫ്) | തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | വൈസ് ചെയർപേഴ്സൺ |
| (ജി) | ഊർജ്ജ വകുപ്പ് മന്ത്രി | വൈസ് ചെയർപേഴ്സൺ |
| (എച്ച്) | ചീഫ് സെക്രട്ടറി | മെമ്പർ സെക്രട്ടറി |
| (ഐ) | ചെയർപേഴ്സൺ, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി (കേരള സ്റ്റേറ്റ് കൗൺസിൽ) | അംഗം |
| (ജെ) | ചെയർപേഴ്സൺ, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (കേരള മേഖല) | അംഗം |
| (കെ) | ചെയർപേഴ്സൺ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ | അംഗം |
| (എൽ) | പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് | കൺവീനർ |

13 എച്ച്. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

(എ) ചെയർപേഴ്സൺ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരുകയും, കാര്യനിർവ്വഹണം നടത്തുകയും ചെയ്യുക;

(ബി) വ്യവസായ നയം നടപ്പിലാക്കുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക;

(സി) വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ അനുവദിച്ചു നൽകുന്നതിന് ഒരു ഏകോപിത തീരുമാനമെടുക്കുക;

(ഡി) വ്യവസായ നയത്തിൽ പ്രഖ്യാപിച്ച ഇളവുകൾക്ക് പുറമേ പ്രത്യേക സാഹചര്യത്തിൽ അനുവദിക്കേണ്ട സ്പെഷ്യൽ പാക്കേജുകൾ സംബന്ധിച്ച് തീരുമാനമെടുക്കുക;

(ഇ) പ്രത്യേക ആവശ്യങ്ങളോടെ വൻകിട നിക്ഷേപങ്ങൾ നടത്തുന്ന സംരംഭകർക്ക് നികുതി, റോയൽറ്റി, മൂലധന നിക്ഷേപങ്ങൾക്ക് വേണ്ട ഇളവുകൾ എന്നിവ പരിഗണിച്ച് അപ്രകാരമുള്ള പ്രത്യേക ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തീരുമാനമെടുക്കുക;

(എഫ്) വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത ഭൂമിയിൽ നിലനിന്നിരുന്നതും പ്രവർത്തനം നിലച്ചതുമായ വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രസ്തുത വ്യവസായ ഭൂമിയിൽ പുതുതലമുറവ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുക;

(ജി) വൻകിട നിക്ഷേപകർക്ക് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുന്നതിനായി, വിവിധ വകുപ്പുകൾ തമ്മിൽ അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

[****]

(എച്ച്) സംസ്ഥാനത്ത് വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനായി നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്ന ഏതൊരാൾക്കും കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് മുമ്പാകെ നിക്ഷേപവുമായി ബന്ധപ്പെട്ട്, ആവശ്യമായി വരുന്ന നിർദ്ദേശങ്ങൾക്കായി സമീപിക്കാവുന്നതും പ്രസ്തുത ബോർഡിന് അപ്രകാരമുള്ള ആളിന് നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്;

(ഐ) സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനാ നിക്ഷേപ മേഖലകളിലേക്ക് സ്വദേശത്തും വിദേശത്തുമുള്ള നിക്ഷേപകരെ കണ്ടെത്തുന്നതിനായി അവരിലേക്കെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(i) "വ്യവസായ നയം" എന്നാൽ അതാത് കാലത്ത് പ്രാബല്യത്തിലുള്ള സർക്കാർ പ്രഖ്യാപിക്കുന്ന വ്യവസായ നയം എന്നർത്ഥമാകുന്നു;

(ii) "വൻകിട നിക്ഷേപകർ" എന്നാൽ നൂറു കോടി രൂപയ്ക്ക് മുകളിലുള്ള മൂലധന നിക്ഷേപങ്ങൾ നടത്തുന്ന ആളുകൾ എന്നർത്ഥമാകുന്നു;

(iii) "പുതുതലമുറവ്യവസായങ്ങൾ "എന്നാൽ വ്യവസായ നയത്തിൽ വ്യക്തമാക്കുന്ന പ്രകാരമുള്ള പുതുതലമുറവ്യവസായങ്ങൾ എന്നർത്ഥമാകുന്നു;

(iv) "സ്പെഷ്യൽ പാക്കേജുകൾ" എന്നാൽ വ്യവസായ നയത്തിൽ വ്യക്തമാക്കുന്ന പ്രകാരമുള്ള സ്പെഷ്യൽ പാക്കേജുകൾ എന്നർത്ഥമാകുന്നു;

(v) "പ്രത്യേക ആവശ്യങ്ങൾ" എന്നാൽ വ്യവസായ നയത്തിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഇളവുകൾക്ക് പുറമേയുള്ള ഇളവുകൾ എന്നർത്ഥമാകുന്നു.

13 ഐ. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (എ) | ചീഫ് സെക്രട്ടറി | ചെയർപേഴ്സൺ |
| (ബി) | പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് | വൈസ് ചെയർപേഴ്സൺ |
| (സി) | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | അംഗം |
| (ഡി) | പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് | അംഗം |
| (ഇ) | പ്രിൻസിപ്പൽ സെക്രട്ടറി, വിവര സാങ്കേതികവിദ്യാ വകുപ്പ് | അംഗം |
| (എഫ്) | പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ് | അംഗം |
| (ജി) | പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | അംഗം |
| (എച്ച്) | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | അംഗം |
| (ഐ) | പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് | അംഗം |
| (ജെ) | പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിൽ വകുപ്പ് 5 | അംഗം |

| | | |
|---|---|---|
| (കെ) | ആവശ്യമുള്ള സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി | പ്രത്യേക ക്ഷണിതാവ് |
| (എൽ) | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻവെസ്റ്റ് കേരള | അംഗം - കൺവീനർ. |

13 ജെ. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

(എ) ചെയർപേഴ്സൺ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരുകയും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രകാരം, കാര്യനിർവ്വഹണം നടത്തുകയും ചെയ്യുക;

(ബി) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക;

(സി) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങളും റഗുലേഷനുകളും പുറപ്പെടുവിക്കുക;

(ഡി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുകയും ചെയ്യുക;

(ഇ) നിക്ഷേപ സാഹചര്യങ്ങൾക്ക് പ്രതിസന്ധിയായി ചട്ടങ്ങളോ നിർദ്ദേശങ്ങളോ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "പദ്ധതി" എന്നാൽ സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, പ്രഖ്യാപിക്കുന്ന പദ്ധതി എന്നർത്ഥമാകുന്നു.

13 കെ. ഉദ്യോഗസ്ഥരും ജീവനക്കാരും.—കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലിലെ ഉദ്യോഗസ്ഥരും ജീവനക്കാരും, കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിന്റെയും കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന

നിരീക്ഷണ കമ്മിറ്റിയുടെയും ചുമതലകൾ <u>നിർവ്വഹിക്കുന്നതിന്</u> ആവശ്യമായ സഹായം നൽകേണ്ടതാണ്. കൂടാതെ, കാലാകാലങ്ങളിൽ, ബോർഡിന്റെ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അത്തരത്തിലുള്ള വിദഗ്ധരുടെയും മറ്റും സേവനം ആവശ്യാനുസരണം ഉപയോഗപ്പെടുത്താവുന്നതാണ്.".

കേരള നിയമസഭാ സെക്രട്ടേറിയറ്റ് ,
തിരുവനന്തപുരം ,
2025 ഒക്ടോബർ 4 .

**ഡോ. എൻ. കൃഷ്ണ കുമാർ,**
*സെക്രട്ടറി .*